ഉത്തരം

(എ & ബി) ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ എന്ന സ്ഥാപനം അവരുടെ പരിപാടികൾക്കുവേണ്ടി സഹകരണസ്ഥാപനങ്ങൾ സംഭാവന നൽകാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. അതനുസരിച്ച് സഹകരണസംഘം രജിസ്ട്രാറോട് പെർമിസീവ് സാങ്ഷൻ നൽകാൻ ഗവൺമെൻറ് എഴുതിയിരുന്നു. ഇതിനെ തുടർന്ന് രജിസ്ട്രാർ സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കിട്ടിയ ചില പരാതികൾ പരിഗണിച്ച്, സർക്കാരിൽനിന്നും സഹകരണ സംഘം രജിസ്ട്രാറിൽനിന്നും നിർദ്ദേശങ്ങൾ റദ്ദാക്കിയിട്ടുണ്ട്.

(സി) സംഭാവന നൽകാൻ ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പെർമിസീവ് സാങ്ഷൻ നൽകിയിരുന്നു.

(ഡി) മേൽപ്പറഞ്ഞ രീതിയിലുള്ള അനുവാദം സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നാണ് നൽകിയത്. ഇതിനെപ്പറ്റി പത്രങ്ങളിലും മറ്റും വന്ന ആക്ഷേപങ്ങൾ കണക്കിലെടുത്ത് ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്.

ഏലത്തോട്ട വ്യവസായ പ്രതിസന്ധി

333 [516] ശ്രീ. കെ. കെ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലത്തോട്ട വ്യവസായത്തിലെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-1-1986-ൽ കേന്ദ്ര സർക്കാർ വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ, സംസ്ഥാന കാർഷികോല്പാദനക്കമ്മീഷണർ പങ്കെടുക്കുകയും, കേന്ദ്ര ഏലവിപണന കോർപ്പറേഷൻ കമ്പോളത്തിൽ ഇറങ്ങി ഏലം സംഭരിച്ച് കാര്യമായ തോതിൽ കയറ്റുമതി ചെയ്യണം എന്ന് സംസ്ഥാന സർക്കാരിനുവേണ്ടി അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

അവശകലാകാരൻമാരുടെ ആവശ്യം

334 [517] ശ്രീ. കെ. ടി. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ച് 31-ാം തീയതി അവശകലാകാരൻമാരുടെ വിവിധ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം മുഖ്യമന്ത്രിക്ക് കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985 മാർച്ച് 31-ാം തീയതിയിലെ മെമ്മോറാണ്ടം ലഭിച്ചിട്ടില്ല. എന്നാൽ 14-1985-ൽ കണ്ണൂർ ജില്ല അവശകലാസാഹിത്യ സംഘടന വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ ഒരു മെമ്മോറാണ്ടം ലഭിച്ചിരുന്നു.

(ബി) മേൽപ്പറഞ്ഞ മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ ഗവൺമെൻറ് പരിശോധിച്ചു. അതിലെ പ്രധാനപ്പെട്ട ആവശ്യങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് ഇതിനകം നടപടികൾ എടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly